<u>15 -ാം കേരള നിയമസഭ</u>

<u>6 -ാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 767</u> <u>24-08-2022 - ൽ മറുപടിയ്ക്ക്</u>

<u>സംഘടനകളുടെ റജിസ്ട്രേഷൻ നടപടിക്രമങ്ങൾ</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. ടി. എ. റഹീം** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി)** | |
| (എ) | സൊസൈറ്റീസ് രജിസ്ട്രേഷൻ ആക്ട് പ്രകാരം സംഘടനകൾ രജിസ്റ്റർ ചെയ്യുന്നതിന് പാലിക്കേണ്ട നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | സംസ്ഥാനത്ത് 1955 -ലെ തിരുവിതാംകൂർ-കൊച്ചി സാഹിത്യ, ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട് 1860-ലെ സംഘം രജിസ്ട്രേഷൻ ആക് എന്നിവ പ്രകാരം ചാരിറ്റബിൾ സൊസൈറ്റികൾ രജിസ്റ്റർ ചെയ്യാവുന്നതാണ് ടി ആക്റ്റുകളിൽ യഥാക്രമം സെക്ഷൻ (3) സെക്ഷൻ (1) എന്നിവയിൽ സംഘങ്ങൾ രജിസ്റ്റർ ചെയ്യപ്പെടുന്നത് സംബന്ധിച്ച വ്യവസ്ഥ ചെയ്തിരിക്കുന്നു. ടി സെക്ഷനുകൾ താഴെ ചേർത്തിരിക്കുന്നു.<br><br>**1955 ലെ തിരുവിതാംകൂർ-കൊച്ചി സാഹിത ശാസ്ത്രീയ, ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്ട്, സെക്ഷൻ 3 :- സംഘടനാപ്രമാണവും രജിസ്ട്രേഷനു അനുസരിച്ച് സ്ഥാപിതങ്ങളായ സംഘങ്ങൾ** സാഹിത്യപരമോ, ശാസ്ത്രീയമോ ധാർമ്മികമോ ആയ ഏതെങ്കിലും കാര്യത്തിനോ, ഈ ആക്റ്റിന്റെ 32-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും കാര്യത്തിനോ, വേണ്ടി സമ്മേളിച്ച ഏതെങ്കിലും ഏഴോ അതിലധികമോ ആളുകൾക്ക് ഒരു സംഘടനാ പ്രമാണത്തിൽ തങ്ങളുടെ പേരെഴുതി, അത് രജിസ്ട്രാറുടെ സമക്ഷത്ത് ഫയൽ ചെയ്ത് ഈ ആക്റ്റിന് പ്രകാരം ഒരു സംഘമായി സ്വയം ചേരാവുന്നതാകുന്നു.<br><br>**1860-ലെ സംഘം രജിസ്ട്രേഷൻ ആക്ട് സെക്ഷൻ 1 സംഘങ്ങൾ, സംഘ മെമ്മോറാണ്ടവും രജിസ്ട്രേഷനും വഴ രൂപവൽക്കരിക്കപ്പെടുന്നു എന്ന് :-** ഏതെങ്കിലും സാഹിത്യപരമോ ശാസ്ത്രപരമോ ധർമ്മപരമോ |

| | | | |
|---|---|---|---|
| | | | ആയ ആവശ്യത്തിനോ, അല്ലെങ്കിൽ ഈ ആക്റ്റിലെ 20-ാം വകുപ്പിൽ വിവരിച്ചിട്ടുള്ള ഏതെങ്കിലും ആവശ്യത്തിനോ സംഘ ചേർന്നിട്ടുള്ള ഏതെങ്കിലും ഏഴോ അതിൽ കൂടുതലോ ആളുകൾക്ക്, ഒരു സംഘ മെമ്മോറാണ്ടത്തിൽ തങ്ങളുടെ പേരു വ ഒപ്പുവയ്ക്കുകയും അതു ജോയിന്റ് സ്റ്റോക്ക് കമ്പനി രജിസ്ട്രാറുടെ (സംഘം രജിസ്ട്രാറുടെ) മുമ്പാകെ ഫയൽ ചെയ്യുകയും ചെയ്യുന്നതു വഴി സ്വയം ഈ ആക്റ്റിൻ കീഴിലുള്ള സംഘമായിത്തീരാവുന്നതാണ്.<br><br>ടി ആക്ടുകൾ പ്രകാരം സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച കൂടുതൽ വിവരങ്ങൾ [registration.kerala.gov.in](registration.kerala.gov.in) വഴ ലഭ്യമാകുന്നതാണ്. |
| (ബി) | രജിസ്റ്റർ ചെയ്ത സംഘടനകളുടെ പ്രവർത്തന പരിധിയിൽ സംഘടനയുടെ പേരിനോട് സമാനമായ പേരുപയോഗിച്ച് ഏതെങ്കിലും വ്യക്തികൾ പണപ്പിരിവോ, മറ്റു പ്രവർത്തനങ്ങളോ നടത്തിയാൽ എന്ത് നിയമ നടപടികളാണ് അവർക്കെതിരെ സ്വീകരിക്കാൻ വ്യവസ്ഥയുള്ളത്; ഇതുസംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ? | (ബി) | ഇക്കാര്യത്തിൽ രജിസ്ട്രേഷൻ വകുപ്പിന് കീഴിലുള്ള നിയമങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കാൻ നിർവ്വാഹമില്ല. |

സെക്ഷൻ ഓഫീസർ